# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.984** — **30.11.2018 ലെ മറുപടി**

### കടവുകളുടെയും സംരക്ഷണ ഭിത്തികളുടെയും പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി.എം.ജോൺ:** | **കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) അങ്കമാലി മണ്ഡലത്തിലെ ഏതെല്ലാം മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾക്കാണ് ഈ പ്രളയത്തിൽ നാശനഷ്ടമുണ്ടായത്; കണക്ക് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) **മൈനർ ഇറിഗേഷൻ പദ്ധതികൾ**<br>അങ്കമാലി നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകൾക്കും പമ്പ് ഹൗസുകൾക്കും ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. 19 ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള തുടർ നപടികൾ സ്വീകരിച്ചു വരുന്നു.<br>**മേജർ ഇറിഗേഷൻ പദ്ധതികൾ**<br>1. ഇടമലയാർ ജലസേചന പദ്ധതിയുടെ കനാലുകളുടെ നാശനഷ്ടം - 243.20 ലക്ഷം<br>2. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം - 511.25 ലക്ഷം |
| (ബി) പെരിയാറിന്റെയും ചാലക്കുടി പുഴയുടെയും തീരങ്ങളിലെ ഏതെല്ലാം കടവുകളാണ് പ്രളയത്തിൽ ഒലിച്ച് പോയിട്ടുള്ളത്; ഏതെല്ലാം കടവുകളാണ് ഭാഗികമായി തകർന്ന് പോയിട്ടുള്ളത്;വ്യക്തമാക്കാമോ ; | (ബി) പെരിയാറിന്റെയും ചാലക്കുടിയുടെയും തീരങ്ങളിൽ ജലസേചനവകുപ്പ് നിർമ്മിച്ചിട്ടുള്ള കടവുകൾ ഒന്നും തന്നെ പൂർണ്ണമായോ ഭാഗികമായോ തകർന്നു പോയിട്ടില്ല. എന്നാൽ നർമ്മാണ പ്രവൃത്തികൾ നടത്താത്ത കടവുകളും നദീതീരവും നിരവധി സ്ഥലങ്ങളിൽ തകർന്നു പോയിട്ടുണ്ട്.<br>പാറക്കടവ് പഞ്ചായത്തിൽ ചാലക്കുടി പുഴയുടെ തീരം, മലയാറ്റൂർ, നീലീശ്വരം, കാലടി എന്നീ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ പെരിയാറിന്റെ തീരം തുടങ്ങിയവ മേൽപ്പറഞ്ഞവയിൽ പ്രധാന പ്പെട്ടവയാണ്. |

| | |
|---|---|
| (സി) ഇപ്രകാരം തകർന്ന ചെറുതും വലുതുമായ കടവുകളുടെയും സംരക്ഷണ ഭിത്തികളുടെയും പുനർനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) കടവുകളും നദീതീരവും സംരക്ഷിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. പ്രവൃത്തികളുടെ പ്രാധാന്യതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**